18477
26/8/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - രാമനാട്ടുകര നഗരസഭാ ഉടമസ്ഥതയിലുള്ള 24.85 സെന്റ് സ്ഥലം 'ട്രാൻസ്കോൺ ലോജിസ്റ്റിക്സ് സൊലൂഷ്യൻ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 102.3 സെന്റ് സ്ഥലവുമായി പരസ്പരം കൈമാറുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.2860/17/ത.സ്വ.ഭ.വ തിരുവനന്തപുരം , തീയതി, 21/08/2017.

പരാമർശം - 1) രാമനാട്ടുകര നഗരസഭാ കൗൺസിലിന്റെ 12/02/2016 -ലെ 12-ാം നമ്പർ തീരുമാനം

2) രാമനാട്ടുകര നഗരസഭ സെക്രട്ടറിയുടെ 25.03.201 7 ലെ എ 1-2159/16 നമ്പർ കത്ത്

3) നഗരകാര്യ ഡയറക്ടറുടെ 18/04/2017 ലെ ജി3-7334/17 നമ്പർ കത്ത്

ഉത്തരവ്

രാമനാട്ടുകര നഗരസഭ ഉടമസ്ഥതയിലുള്ള കോഴിക്കോട് - പാലക്കാട് ഹൈവേയ്ക്ക് സമീപത്തുള്ള രാമനാട്ടുകര വില്ലേജ് റീ. സർവ്വെ.നം. 296/1 എ 1 ൽ ഉൾപ്പെട്ട 24.85 സെന്റ് സ്ഥലം 'ട്രാൻസ്കോൺ ലോജിസ്റ്റിക്സ് സൊലൂഷ്യൻ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റീ. സർവ്വെ.നം.295/2, 296/1 എ 1 ൽ പ്പെട്ട 102.3 സെന്റ് സ്ഥലവുമായി കൈമാറും ചെയ്യുന്നതിനായി പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു അതിന്റെ അടിസ്ഥാനത്തിൽ രാമനാട്ടുകര നഗരസഭാ ഉടമസ്ഥതയിലുള്ള 24.85 സെന്റ് സ്ഥലം 'ട്രാൻസ്കോൺ ലോജിസ്റ്റിക്സ് സൊലൂഷ്യൻ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 102.3 സെന്റ് സ്ഥലവുമായി പരസ്പരം കൈമാറുന്നതിന് രാമനാട്ടുകര നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ/സെക്രട്ടറി, രാമനാട്ടുകര നഗരസഭ
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ